(എച്ച് & ഐ) ഉണ്ട്. ഹൈക്കോടതി ഈ കേസിന്റെ വിധി പുറപ്പെടുവിച്ചിട്ടില്ല.

(ജെ) റാങ്ക് നിർണ്ണയം സംബന്ധിച്ചുള്ള പരാതികളൊന്നും നിലവിലില്ല. എന്നാൽ രൂപാരാജന്റെ എസ്.എസ്.എൽ.സി. പരീക്ഷാ പേപ്പർ റീവാലുവേഷൻ സംബന്ധിച്ചുള്ള ഒരു പരാതി നിലവിലുണ്ട്. ഇതിൽ അന്തിമ തീരുമാനമായിട്ടില്ല.

(കെ) ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപികയുടേയും അഡീഷണൽ ചീഫ് സൂപ്രണ്ടിന്റേയും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എൽ) 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ ഗ്രേഡിംഗ് നടപ്പിൽ വരുന്നതോടെ റാങ്കിംഗ് സമ്പ്രദായവും ഇല്ലാതാകുന്നതാണ്.

പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം ഉയർത്തുന്നതിന് നടപടി

96 (2036) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം എത്രയെന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) 2003 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം കുറവ് ചെയ്തിരുന്നോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2004 മാർച്ച് മാസം നടക്കേണ്ട എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇപ്രകാരം തീരുമാനമെടുക്കുവാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും എന്താണെന്ന് വിശദമാക്കാമോ ;

(ഇ) അടുത്ത വിദ്യാഭ്യാസ വർഷം മുതൽ 10-ാം ക്ലാസ്സിൽ എസ്.എസ്.എ. സ്കീം നടപ്പാക്കുന്നതുമൂലം സിലബസിൽ വൻ മാറ്റങ്ങളുണ്ടാകുന്നതിനാൽ 2003 മാർച്ച് മാസത്തിൽ നടത്തിയിട്ടുള്ള അതേ വ്യവസ്ഥയിൽ എസ്.എസ്.എൽ.സി. പരീക്ഷ 2004 മാർച്ച് മാസത്തിലും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതാത് സ്കൂൾ വർഷം മാർച്ച് മാസം 1-ാം തീയതി 17 വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് വിഭാഗത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി &സി) 1-10-2002-ലെ ജി.ഒ. (ആർ.റ്റി.) നം. 3399/2002/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രൈവറ്റ് ഓവർ ഏജ്ഡ് വിഭാഗത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവർക്ക് രണ്ട് വർഷം വരെ വയസ്സിളവ് നൽകുന്നതിനുള്ള അധികാരം പരീക്ഷാ സെക്രട്ടറിക്ക് നല്കിയിരുന്നു. എന്നാൽ 2004 മുതൽ ഈ ആനുകൂല്യം നൽകുന്നതല്ല എന്ന് മേൽ സൂചിപ്പിച്ച ഉത്തരവിലും 8-10-2002-ലെ ജി.ഒ. (ആർ.റ്റി.) നം. 3922/2002/പൊ.വി. ഉത്തരവിലും വ്യക്തമാക്കിയിരുന്നു.

(ഡി) ഒറ്റ തവണയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ തോൽക്കുമ്പോൾ പഠിത്തം മതിയാക്കി അതേ സ്കൂൾ വർഷം തന്നെ 9-ാം ക്ലാസ്സിൽ നിന്നും പാസ്സായിട്ടുള്ള റഗുലർ കുട്ടികളോടൊപ്പം എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ ശ്രമിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനാണ് പ്രൈവറ്റ് ഓവർ ഏജ്ഡ് വിഭാഗത്തിൽ പരീക്ഷ എഴുതുന്നതിന് 17 വയസ്സ് പൂർത്തിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

(ഇ) 2003 മാർച്ച് മാസത്തിൽ നടത്തിയ പരീക്ഷ വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും 2004 മാർച്ചിലെ പരീക്ഷയ്ക്കുവേണ്ടി വരുത്തിയിട്ടില്ല.

എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കോപ്പി ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ

97 (2037) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കോപ്പി ലഭിക്കുവാൻ ഇപ്പോൾ വലിയ കാലതാമസം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ബി) ഇതിനായി ഇപ്പോഴുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(സി) നിശ്ചിത ഫോറത്തിൽ സമർപ്പിക്കുന്ന അപേക്ഷ ആവശ്യമായ പരിശോധന നടത്തി കോപ്പി നല്കുന്ന തീയതി രേഖപ്പെടുത്തി രസീതു കൊടുക്കുവാൻ പരീക്ഷാ ഭവനിൽ ക്രമീകരണം ഏർപ്പെടുത്തുമോ ;

(ഡി) നിലവിൽ തീർപ്പാകാതെ എത്ര അപേക്ഷകൾ ഉണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യംമൂലവും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുകൊണ്ടും കാലതാമസം നേരിടുന്നുണ്ട്.

(ബി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കു പ്രാഥമിക നടപടികൾ പൂർത്തിയാക്കി ബുക്ക് പൂർണ്ണമായി നഷ്ടപ്പെട്ടവയുടെ കാര്യത്തിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഗസറ്റ് വിജ്ഞാപനത്തിനയയ്ക്കുന്നു. ഗസറ്റ് നോട്ടിഫിക്കേഷൻ ലഭിക്കുന്നമുറയ്ക്ക് ബ്ലാങ്ക് ബുക്ക്, ബയോഡേറ്റ രേഖപ്പെടുത്തി അയച്ചു

LIBRARY ARCHIVES Kerala Legislative Assembly